MBC MINISTRIES

# ജഡീക - ആത്മീക
## വിശ്വാസിവിഭജന സിദ്ധാന്തം

# THE CARNAL - SPIRITUAL
## Believer Dichotomy Theory



ജോൺസൺ പൂമല

# ജഡീക - ആത്മീക
# വിശ്വാസിവിഭജന സിദ്ധാന്തം

## (The Carnal – Spiritual
## Believer Dichotomy Theory)

**ജോൺസൺ പൂമല**

malayalambiblecommentary@gmail.com

+91 9400503238

# ജഡീക - ആത്മീക വിശ്വാസിവിഭജന സിദ്ധാന്തം

(The Carnal - Spiritual Believer Dichotomy Theory)

വേർപാട് സമൂഹത്തിൽ പ്രചുരപ്രചാരം നേടിയ ഒരു സിദ്ധാന്തമാണ് ജഡീക - ആത്മീക വിശ്വാസിവിഭജന സിദ്ധാന്തം. ദൈവത്തിൽ നിന്നും ജനിച്ചവരിൽ അഥവാ വീണ്ടും ജനിച്ചവരിൽ 'ജഡീകർ', 'ആത്മീകർ' എന്നിങ്ങനെ രണ്ടുതരം വിശ്വാസികൾ ഉണ്ടെന്നും - അഭക്തിയിൽ ജീവിക്കുന്നവരെ ജഡീകർ എന്നും ദൈവത്തോടുള്ള ഭക്തിയിൽ ജീവിക്കുന്നവരെ ആത്മീകർ എന്നും ഈ സിദ്ധാന്തം വിഭജിക്കുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ, കർത്താവിനോടും കർത്താവിന്റെ വചനത്തോടും പ്രതിബദ്ധതയുള്ളവനെ ആത്മീക വിശ്വാസിയായും അതില്ലാത്തവനെ ജഡീക വിശ്വാസിയായും ഈ സിദ്ധാന്തം വേർതിരിക്കുന്നു. എന്നാൽ ജഡീകനും ആത്മീകനെ പോലെ തന്നെ, സ്ഥാനീയമായ നീതീകരണവും വിശുദ്ധീകരണവും ലഭിച്ച് രക്ഷിക്കപ്പെട്ടവനാണെന്നും എന്നാൽ ജീവിതംകൊണ്ടും പ്രവർത്തികൊണ്ടും ഈ ലോകത്തിൽ അവിശ്വാസിയെപ്പോലെ ജീവിക്കുന്ന വിശ്വാസിയാണെന്നും ഈ സിദ്ധാന്തം വാദിക്കുന്നു.

ഈ സിദ്ധാന്തത്തിന്റെ പ്രചാരണം എങ്ങനെയായിരുന്നു? ഇത് വചനാനുസൃതമാകുന്നുവോ? ഇത് വിശ്വാസസമൂഹത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ? ഇത്യാദി കാര്യങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

## I. ഈ സിദ്ധാന്തത്തിന്റെ പ്രചാരണം

ജഡീക - ആത്മീക വിശ്വാസിവിഭജന സിദ്ധാന്തത്തിന്റെ പ്രചാരണം എങ്ങനെ നടന്നു എന്നും, ഇത് വിശ്വാസ സമൂഹത്തിൽ പ്രചരിക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്നും പ്രാരംഭമായി നോക്കാം.

പതിനെട്ടാം നൂറ്റാണ്ടിൽ ബ്രിട്ടനിലും അതിന്റെ അമേരിക്കൻ കോ

ളനികളിലും ഉണ്ടായ വലിയ ക്രിസ്തീയ ഉണർവ് അനേകരെ ദൈവവചന പഠനത്തിലേക്ക് നയിക്കുകയും അങ്ങനെ നൂറ്റാണ്ടുകളായി മറഞ്ഞുകിടന്ന ചില ഉപദേശ സത്യങ്ങൾ ഓരോന്നായി ദൈവജനത്തിന് ബോധ്യപ്പെടുകയും ചെയ്തു. ഈ പ്രവണത കൂടുതൽ പഠനങ്ങളിലേക്ക് നയിക്കുകയും ദൈവവചനത്തിലെ ആത്മീക യാഥാർത്ഥ്യങ്ങളിൽ കൂടുതൽ കൂടുതൽ വ്യക്തത വരികയും ചെയ്തു. ക്രമീകൃതവചന പഠനത്തിന് സാധ്യത കുറവായിരുന്ന അക്കാലത്ത് എല്ലാ പഠനങ്ങളും വ്യക്തി കേന്ദ്രീകൃതമായിരുന്നു. അതുനിമിത്തം ചില ഉപദേശ പിശകുകളും അതിൽ കയറി കൂടിയിരുന്നു. എങ്കിലും പലരും അക്കാലത്ത് അതെല്ലാം ചോദ്യം ചെയ്യാതെ അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു.

അതിൽ *ഒന്നാമതായി,* പുതിയനിയമ കാലഘട്ടത്തിൽ രക്ഷിക്കപ്പെടുവാൻ വിശ്വാസം മാത്രം ആവശ്യമായിരിക്കുമ്പോൾ പഴയനിയമ കാലഘട്ടത്തിൽ വിശ്വാസത്തോടൊപ്പം പഴയനിയമ പ്രകാരമുള്ള പ്രവർത്തികളും ആവശ്യമായിരുന്നു എന്നാണ്. *രണ്ടാമതായി,* പുതിയനിയമത്തിൽ കൃപയുടെ ഉപദേശം ന്യായപ്രമാണ ഉപദേശം എന്നിങ്ങനെ രണ്ടുതരം ഉപദേശങ്ങൾ ഉണ്ടെന്നും, കൃപയുടെ സുവിശേഷം യേശുവിന്റെ സുവിശേഷം എന്നിങ്ങനെ രണ്ടുതരം സുവിശേഷങ്ങൾ ഉണ്ടെന്നും, ഗിരിപ്രഭാഷണം ഇക്കാലത്തേക്കുള്ളതല്ല, മറിച്ച് സഹസ്രാബ്ദ കാലത്തേക്കുള്ളതാണെന്നുമാണ്. *മൂന്നാമതായി,* ദൈവരാജ്യവും സ്വർഗ്ഗരാജ്യവും രണ്ടാണെന്നും ഒരു ക്രിസ്തുവിശ്വാസിക്ക് ഒരേസമയം സ്വർഗ്ഗരാജ്യത്തിലെ അംഗമായിരിക്കുവാനും അപ്പോൾ തന്നെ ദൈവരാജ്യത്തിലെ അംഗമാകാതിരിക്കുവാനും കഴിയും എന്നതാണ്. *നാലാമതായി,* ഒരാൾ വീണ്ടും ജനിക്കുവാൻ യേശുവിൽ വിശ്വസിച്ചാൽ മാത്രം മതിയെന്നും വീണ്ടും ജനനത്തിന് മാനസാന്തരം ആവശ്യമില്ലെന്നുമാണ്. *അഞ്ചാമതായി,* ഒരാൾ രക്ഷിക്കപ്പെടുവാൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചാൽ മതിയെന്നും കർത്താവായ സ്വീകരിക്കേണ്ട ആവശ്യമില്ലെന്നുമാണ്. *ആറാമതായി,* വീണ്ടും ജനിച്ചവരിൽ ജഡീകർ ആത്മീകർ എന്നപേരിൽ രണ്ടുതരം വിശ്വാസികൾ ഉണ്ടെന്നാണ്.

ആധുനിക ലോകത്തിൽ ഈ സിദ്ധാന്തത്തിന് വ്യവസ്ഥിത രൂപം നൽകിയത് ജെ. എൻ. ഡാർബി ആണ്. തുടർന്ന് സി. ഐ. സ്കോഫീൽഡ്, ലൂയിസ് ചെയ്ഫർ, ചാൾസ് റയ്റി മുതലായവർ തങ്ങളുടെ പ്രസിദ്ധ കൃതികളിലൂടെ ഇത് പ്രചരിപ്പിച്ചു. അതിനുശേഷം ഡാള്ളസ് തിയോളജിക്കൽ സെമിനാരിയിൽ പഠിച്ച ചിലരും, അവർ എഴുതിയ പുസ്

തകങ്ങൾ മാത്രം വായിച്ച് പഠിച്ചവരും, അങ്ങനെയുള്ളവരിൽ നിന്നും കേട്ട് പഠിച്ചവരും ഇന്ന് ഈ സിദ്ധാന്തത്തിന്റെ വക്താക്കളാണ്.

തലമുറ മാറ്റത്തിലൂടെ ചില പരിഷ്കാരങ്ങൾ ഈ സിദ്ധാന്തത്തിന് സംഭവിച്ചുവെങ്കിലും തുടക്കം മുതൽ ഒടുക്കം വരെ അവരെല്ലാം ഒരുപോലെ അംഗീകരിക്കുന്ന ചില വിഷയങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് ജഡീക – ആത്മിക വിശ്വാസിവിഭജന സിദ്ധാന്തം.

ഇങ്ങനെ ഒരു സിദ്ധാന്തം ചമെക്കുന്നതിനുള്ള അടിസ്ഥാന കാരണം 1 കൊരി. 2:14–3:3 വേദഭാഗത്തെ സംബന്ധിച്ച് പൊതുവിൽ ഉള്ള ഒരു തെറ്റിദ്ധാരണയാണ്. അതുകൊണ്ട് ഈ വേദഭാഗം പ്രസ്തുത വിഷയത്തോട് ബന്ധപ്പെട്ട് വിശദമായ ഒരു പരിശോധനയ്ക്ക് വിധേയമാക്കാനുള്ള ഒരു ശ്രമമാണ് ഇതിലൂടെ നടത്തുന്നത്.

## II. ഈ സിദ്ധാന്തത്തിന്റെ പരിശോധന

ഒരു വേദഭാഗത്ത് നിന്നും ഒരു ഉപദേശം സ്ഥാപിക്കുവാൻ ശ്രമിക്കുന്നതിനു മുമ്പായി, വചനവ്യാഖ്യാതാവ് നിർബന്ധമായും പരിഗണിക്കേണ്ടതായ ചില വസ്തുതകളുണ്ട്.

i. പ്രസ്തുത വേദഭാഗത്തിന്റെ സാഹിത്യരൂപം (Literary form of the passage)
ii. പ്രസ്തുത വേദഭാഗത്തിന്റെ സാഹിത്യ പശ്ചാത്തലവും സമുച്ചയപദങ്ങളും (Literary context and conjunctions)
iii. പരാമർശിക്കപ്പെടുന്ന വാക്കുകളുടെ തിരുവെഴുത്തിലെ അർത്ഥം (Biblical meaning of the words)
iv. ആശയം വിശദീകരിക്കുവാൻ ഉപയോഗിക്കുന്ന വാക്യാലങ്കാരം (Figure of speech)
v. സ്ഥാപിക്കുവാൻ ശ്രമിക്കുന്ന ഉപദേശത്തിന് തിരുവെഴുത്തിലെ ഇതര ഭാഗങ്ങളോടുള്ള പൊരുത്തം (Analogy of faith)

### a. പ്രസ്തുത വേദഭാഗത്തിന്റെ സാഹിത്യരൂപം (Literary form of the passage)

ഒരു വേദഭാഗത്തുനിന്നും ഒരു ഉപദേശം സ്ഥാപിക്കുവാൻ നാം ശ്ര

മിക്കുന്നതിന് മുമ്പുതന്നെ പ്രസ്തുത വേദഭാഗത്തിന്റെ സാഹിത്യരൂപം ഏതാണെന്ന് നാം പരിശോധിക്കണം. തിരുവെഴുത്തിലെ വേദഭാഗങ്ങൾ വിവിധ സാഹിത്യരൂപത്തിലാണ് നൽകപ്പെട്ടിരിക്കുന്നത്; ചിലപ്പോൾ അത് സംഭവവിവരണ രൂപത്തിലായിരിക്കും; മറ്റു ചിലപ്പോൾ ഉപമയുടെ രൂപത്തിൽ ആയിരിക്കും, വേറെ ചിലപ്പോൾ ഉപദേശ രൂപത്തിൽ ആയിരിക്കും, ചില വേദഭാഗങ്ങൾ കാവ്യരൂപത്തിലും നൽകപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് മേൽപ്പറഞ്ഞ സാഹിത്യരൂപങ്ങളിൽ നിന്നും ഉപദേശ രൂപത്തിലുള്ളത് മാത്രമാണ് ഒരു ഉപദേശം സ്ഥാപിക്കുന്നതിനുള്ള പ്രധാന തെളിവായി (proof text) ഉപയോഗിക്കുവാൻ പാടുള്ളൂ.

1 കൊരി. 3:1–8 വേദഭാഗം ഉപദേശരൂപത്തിലുള്ളതല്ല. മറിച്ച് ശാസനാരൂപത്തിൽ ഉള്ളതാണ്. കൊരിന്ത് സഭയിലെ വിഭാഗീയതയും ജീർണ്ണതയും നിമിത്തം അപ്പോസ്തലൻ അവരെ ശാസിക്കുന്ന ഒരു വേദഭാഗമാണിത്; അതുകൊണ്ട് ഈ വേദഭാഗം അടിസ്ഥാനമാക്കി ഒരു ഉപദേശം സ്ഥാപിക്കുവാൻ സാധ്യമല്ല.

### b. പ്രസ്തുത വേദഭാഗത്തിന്റെ സാഹിത്യപശ്ചാത്തലവും സമുച്ചയ പദങ്ങളും (Literary context and conjunctions)

തികഞ്ഞവരുടെ ഇടയിലും ആത്മീകന്മാരുടെ ഇടയിലും ദൈവീക ജ്ഞാനം സംസാരിച്ചുകൊണ്ടാണ് അപ്പോസ്തലനായ പൗലോസ് തന്റെ ആത്മീകശുശ്രൂഷ ചെയ്തിരുന്നത് (1 കൊരി. 2:6, 13–15). എന്നാൽ കൊരിന്തിലെ വിശ്വാസികളോട്, മറ്റുള്ളവരോട് ചെയ്തതുപോലെ ദൈവീക ജ്ഞാനം ആ അളവിലോ നിലവാരത്തിലോ പങ്കുവെക്കുവാൻ തനിക്ക് കഴിഞ്ഞിരുന്നില്ല. കാരണം അവയെ ഉൾക്കൊള്ളുവാൻ അവർ പ്രാപ്തരായിരുന്നില്ല. അതുകൊണ്ട് ആത്മീകർ അല്ലാത്തവരോടും ജഡീകരോടും ശിശുക്കളോടും സംസാരിക്കുന്നതുപോലെ വളരെ ലളിതമായ ആത്മീക സത്യങ്ങൾ മാത്രമേ തനിക്ക് സംസാരിക്കാൻ കഴിഞ്ഞുള്ളൂ എന്നാണ് പൗലോസ് കൊരിന്തിലെ വിശ്വാസികളോട് പറയുന്നത് (3:1–2). കാരണം വചനം ഗ്രഹിക്കുന്നതിനോടുള്ള ബന്ധത്തിൽ തികഞ്ഞവരും ശിശുക്കളും തമ്മിൽ വ്യത്യാസമുള്ളതു പോലെ തന്നെ ആത്മീകനും പ്രാകൃതമനുഷ്യനും തമ്മിലും വ്യത്യാസമുണ്ട്. ഈ വ്യത്യാസം 1 കൊരി. 2:14–15 –ൽ അപ്പോസ്തലൻ വ്യക്തമാക്കിയതിനുശേഷം, 3:1 മുതലുള്ള വേദഭാഗത്ത് ആത്മീകനും ജഡീകനും എന്നത് ഒരു പുതിയ വിഷയമായിട്ടല്ല, മറിച്ച് 2:14,15 –ലെ പ്രതിപാദ്യവിഷയം ആയ ആത്മീകനും പ്രാകൃതമനുഷ്യനും തമ്മിലുള്ള വ്യത്യാസത്തിന്റെ തുടർച്ചയും വിശദീ

കരണവും ആയിട്ടാണ് അപ്പോസ്തലൻ പറയുന്നത്.

3:1 –ൽ ആദ്യം കാണുന്ന സമുച്ചയപദം (conjunction) "and" അതാണ് സൂചിപ്പിക്കുന്നത്; 3:1–ൽ ആത്മീകനും ജഡീകനും എന്നത് ഒരു പുതിയ വിഷയമോ വ്യത്യസ്ത വിഷയമോ ആയിട്ടാണ് താൻ അവതരിപ്പിച്ചതെങ്കിൽ, അവിടെ കാണുന്ന സമുച്ചയപദം "and" നും പകരമായി "but" എന്നു തന്നെ അപ്പോസ്തലൻ ഉപയോഗിക്കുമായിരുന്നു. അതുകൊണ്ട് 1 കൊരി. 2:14 –ൽ അപ്പോസ്തലൻ മുമ്പ് പരാമർശിച്ച 'പ്രാകൃതമനുഷ്യന്' പകരമായിട്ടും പര്യായമായിട്ടും ആണ് 'ജഡീകർ' എന്ന വാക്ക് 3:1–ൽ താൻ ഉപയോഗിക്കുന്നത്. ഇത് 1 കൊരി. 15:44 –ൽ തനിക്ക് 'ജഡശരീരം' എന്ന് ന്യായമായും പറയാമായിരുന്ന സ്ഥാനത്ത് അതിന് പകരമായും പര്യായമായും 'പ്രാകൃതശരീരം' എന്ന് പറയുന്നതിലൂടെ അധികം വ്യക്തമാകുന്നു.

## c. പരാമർശിക്കപ്പെടുന്ന വാക്കുകളുടെ തിരുവെഴുത്തിലെ അർത്ഥം (Biblical meaning of the words)

1 കൊരി. 2:14–3:3 വാക്യങ്ങളിൽ മനുഷ്യനെ ബന്ധപ്പെടുത്തി പ്രധാനമായും മൂന്ന് വിശേഷണനാമങ്ങൾ അപ്പോസ്തലൻ ഉപയോഗിക്കുന്നുണ്ട്. അവയുടെ അർത്ഥവും അതിന് ഈ വിഷയത്തോട് ബന്ധപ്പെട്ടുള്ള പ്രാധാന്യവും ആണ് തുടർന്ന് പരിശോധിക്കേണ്ടത്.

### 1. പ്രാകൃതമനുഷ്യൻ (2:14)

പ്രാകൃതമനുഷ്യൻ എന്നതിന് ഗ്രീക്ക് ബൈബിളിൽ ഏകവചനത്തിൽ Psychikos എന്നാണ് കാണുന്നത്. ഇത് നാമവിശേഷണമാണ്. ഇതിന് സ്വന്തപ്രാണനാൽ / സ്വന്തദേഹിയാൽ / സ്വന്തം മാനുഷ്യപ്രകൃതത്താൽ ഭരിക്കപ്പെന്നവൻ, അതിന് അനുയോജ്യമായിരിക്കുന്നവൻ എന്നാണർത്ഥം. ഇത് വീണ്ടും ജനിക്കാത്തവരുടെ അവസ്ഥയാണ്. ഇക്കാരണത്താൽ പ്രാകൃതമനുഷ്യന് ദൈവീക കാര്യങ്ങളെ വിവേചിക്കുവാനോ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുവാനോ കഴിയുകയില്ല. അത് അവന് ഭോഷത്വം ആകുന്നു. അതുകൊണ്ട് 'പ്രാകൃതമനുഷ്യൻ' വീണ്ടും ജനിച്ചവനല്ല എന്ന് വാക്കിന്റെ അർത്ഥത്തിൽ നിന്നുതന്നെ വ്യക്തമാണ്.

### 2. ആത്മീകൻ (2:15)

ആത്മീകൻ എന്നതിന് ഗ്രീക്ക് ബൈബിളിൽ ഏകവചനത്തിൽ Pnumatikos എന്നാണ് കാണുന്നത്. ഇത് നാമവിശേഷണമാണ്. ഇതിന് ആത്മാവിന് അനുയോജ്യമായിരിക്കുന്നവൻ, ആത്മാവിനാൽ ഭരിക്കപ്പെടുന്നവൻ മുതലായ അർത്ഥമാണ് ലഭിക്കുന്നത്. ഇത് വീണ്ടും ജനിച്ചവരുടെ മാത്രം അവസ്ഥയാണ്. കാരണം ഒരു വ്യക്തിയിലേക്ക് ദൈവാത്മാവ് വരുമ്പോൾ ആ വ്യക്തി വീണ്ടും ജനിക്കുകയും ആ വ്യക്തിയിൽ ആത്മാവിന്റെ ഭരണം ആരംഭിക്കുകയും ചെയ്യുന്നു. അതുകൊണ്ട് വീണ്ടും ജനിച്ചിരിക്കുന്ന എല്ലാവരും ആത്മാവിന് അനുയോജ്യമായിരിക്കുന്നവരും ആത്മാവിനാൽ ഭരിക്കപ്പെടുന്നവരും തത്വത്തിൽ ആത്മീകരുമാണ്. എന്നാൽ വീണ്ടും ജനിച്ച എല്ലാവരും എപ്പോഴും ദൈവാത്മാവിൽ നിറയപ്പെട്ട് ആത്മാവിനെ അനുസരിക്കുന്നവരായിരിക്കുമെന്ന് ഇതിനർത്ഥമില്ല. അതിനു കാരണം 'ആത്മീകൻ എന്നത് പ്രായോഗിക ജീവിതം അടിസ്ഥാനമാക്കി ലഭിക്കുന്ന ഒരു പേരായിട്ടല്ല, മറിച്ച് വീണ്ടും ജനിച്ച ഒരു വ്യക്തിക്ക് സ്ഥാനീയമായി ലഭിക്കുന്ന ഒരു പേരായിട്ടാണ് ഇരിക്കുന്നത്.

ഇതുപോലെതന്നെ മറ്റു ചില വാക്കുകളും പ്രായോഗിക ജീവിതത്തെ അടിസ്ഥാനമാക്കാതെ സ്ഥാനീയ അർത്ഥത്തിൽ തന്നെ അപ്പോസ്തലൻ ഉപയോഗിച്ചിട്ടുണ്ട്. അതുകൊണ്ടാണ് വേണ്ടതുപോലെ വേർപാടില്ലാത്ത കൊരിന്ത് സഭയിലെ വിശ്വാസികളെ 'വിശുദ്ധന്മാർ' (1 കൊരി. 5:1 c.f. 1:2; 3:17) എന്നും, വേണ്ടതുപോലെ വിശുദ്ധ ജീവിതം ഇല്ലാത്തവരെ 'വിശുദ്ധീകരിക്കപ്പെട്ടവർ' (2 കൊരി. 7:1 c.f. 1 കൊരി. 1:2) എന്നും, ആത്മീകമായി പല കുറവുകളുമുള്ള കൊലോസിയിലെ വിശ്വാസികളെ 'പരിപൂർണ്ണർ' (കൊലോ. 1:28 c.f. 2:10) എന്നും വിളിക്കപ്പെട്ടിരിക്കുന്നത്.

### 3. ജഡീകൻ (3:1,3)

'ജഡീകർ' എന്നതിന് 3:1-ൽ ബഹുവചനത്തിൽ sarkinois എന്നാണ് ഗ്രീക്ക് ബൈബിളിൽ കാണുന്നത്. ഇത് നാമവിശേഷണമാണ്. ഇതിന് ജഡത്തിൽ നിന്നുള്ളവർ, ജഡം തന്നെയായുള്ളവർ എന്ന അർത്ഥമാണുള്ളത് (ഉല്പത്തി 6:3).ഇത് വീണ്ടും ജനിക്കാത്തവരുടെ അവസ്ഥയാണ്. എന്നാൽ പൗലോസ് തന്നെക്കുറിച്ച് sarkinos ('ജഡമയൻ' റോമർ 7:14) എന്ന് പറയുന്നത് ജഡസ്വഭാവത്തെയോ ജഡസ്വാധീനത്തെയോ ഉദ്ദേശിച്ചല്ല, മറിച്ച് തന്റെ ജഡശരീരത്തെ മാത്രം ഉദ്ദേശിച്ചാണ്; ജഡ ശ

രീരത്തിന്റെ പരിശ്രമത്തിലൂടെ ആത്മീകമായ ന്യായപ്രമാണം നിവർത്തിക്കുവാൻ ആർക്കും കഴിയുകയില്ല എന്ന് പറയുവാനാണ് (റോമർ 8:3).

അതുപോലെ 3:3 ൽ ജഡീകർ എന്നത് ബഹുവചനത്തിൽ Sarkikoi എന്നാണ് കാണുന്നത്. ഇത് നാമവിശേഷണമാണ്. ഇതിന് ജഡപ്രകൃതത്തിൽ ഇരിക്കുന്നവർ, ജഡത്തിന് അനുയോജ്യമായിരിക്കുന്നവർ, ജഡത്താൽ ഭരിക്കപ്പെടുന്നവർ, ജഡപ്രകാരം ജീവിക്കുന്നവർ എന്നാണ് അർത്ഥം. ഇത് ദൈവാത്മാവ് ഇല്ലാത്തവരുടെയും ദൈവാത്മാവ് വസിക്കാത്തവരുടെയും (റോമർ 8:9); വീണ്ടും ജനിക്കാത്തവരുടെയും അവസ്ഥയാണ് (യോഹന്നാൻ 3:6). കാരണം വീണ്ടും ജനിച്ച എല്ലാവരും തത്വത്തിൽ ആത്മീകരാണ്, അവർ ആത്മാവിന് അനുയോജ്യമായിരിക്കുന്നവരും ആത്മാവിനാൽ ഭരിക്കപ്പെടുന്നവരുമാണ്. എന്നാൽ പ്രത്യക്ഷത്തിൽ വീണ്ടും ജനിച്ച എല്ലാവരും എപ്പോഴും ആത്മനിറമുള്ളവരായി കാണപ്പെടുമെന്നോ ആത്മാവിനെ അനുസരിച്ച് മാത്രം നടക്കുമെന്നോ പറയുവാൻ കഴിയുകയില്ല. ചിലപ്പോൾ ചില വിഷയങ്ങളോടുള്ള ബന്ധത്തിൽ ചില വിശ്വാസികൾ ആത്മാവില്ലാത്തവരെ പോലെയും ജഡീകന്മാരെ പോലെയും ശിശുക്കളെ പോലെയും സാധാരണ മനുഷ്യരെ പോലെയും പ്രതികരിക്കുകയും പ്രവർത്തിക്കുകയും ചെയ്യും, എന്നാൽ അത് താൽക്കാലികവും പ്രശ്നാധിഷ്ഠിതവും ആയിരിക്കും (temporary and issue based). എപ്പോഴും അങ്ങനെ തന്നെ ജീവിക്കുവാനോ സാധാരണ ജീവിതത്തിൽ അങ്ങനെ തന്നെ ആയിരിക്കുവാനോ വീണ്ടും ജനിച്ചവർക്ക് കഴിയുകയില്ല.

കൊരിന്തിലെ ചില വിശ്വാസികളിൽ ജഡീകന്മാരുടെയും ശേഷം മനുഷ്യരുടെയും ചില പ്രവർത്തികൾ **നിലനിന്നതിനാലാണ്** അപ്പോസ്തലൻ അവരുടെ ആത്മീക അവസ്ഥയെ സംശയിച്ച് നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും **ഇരിക്കെ** നിങ്ങൾ ജഡീകന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലയോ (1 കൊരി. 3:3) എന്ന് പറഞ്ഞത്.

## d. വിഷയം വിശദീകരിക്കുവാൻ ലേഖകൻ ഉപയോഗിക്കുന്ന വാക്യാലങ്കാരങ്ങൾ (Figure of Speech)

### 1. ഉപമ (Simile)

'ആത്മീകരോട് എന്നപോലെ', 'ജഡീകരോട് എന്നപോലെ', 'ശിശുക്കളോട് എന്നപോലെ', 'ശേഷം മനുഷ്യരെപ്പോലെ' (1 കൊരി. 3:1–3)

മുതലായവയെല്ലാം ഉപമയും സാദൃശ്യവുമാണ്.

ആത്മീകർ സ്വാഭാവികമായി - സാധാരണ നിലയിൽ ആത്മീക കാര്യങ്ങൾ വിവേചിക്കുന്നവരും ഗ്രഹിക്കുന്നവരുമാണ്. എന്നാൽ കൊരിന്ത്യലെ വിശ്വാസികൾ അപ്പോസ്തലൻ പ്രതീക്ഷിച്ചത് പോലെ ആത്മീക കാര്യങ്ങൾ ഗ്രഹിക്കുന്നതിനും വിവേചിക്കുന്നതിനും പ്രാപ്തിയുള്ളവർ ആയിരുന്നില്ല. അതുകൊണ്ട് ആത്മീകരോട് ആത്മീക കാര്യങ്ങൾ പറയുന്ന വേഗത്തിലും നിലവാരത്തിലും കൊരിന്തിലെ വിശ്വാസികളോട് പറയുവാനോ അവരെ പഠിപ്പിക്കുവാനോ അപ്പോസ്തലന് കഴിഞ്ഞില്ല. ഇക്കാരണത്താൽ ‘‘ജഡീകരോട് എന്നപോലെ’’, അർത്ഥാൽ ജഡീക മനുഷ്യരെ ആത്മീക കാര്യങ്ങൾ പഠിപ്പിക്കുന്ന നിലവാരത്തിൽ, ‘‘ശിശുക്കളോട് എന്നപോലെ’’, ശിശുക്കളെ ആത്മീക കാര്യങ്ങൾ പഠിപ്പിക്കുന്ന വേഗത്തിലും നിലവാരത്തിലും മാത്രമാണ് ആത്മീക ജ്ഞാനം അവർക്ക് പകർന്നു കൊടുക്കുവാൻ തനിക്ക് കഴിഞ്ഞുള്ളൂ എന്നാണ് അപ്പോസ്തലൻ ഇവിടെ പറയുന്നത്. കൊരിന്തിലെ ചില വിശ്വാസികളെ, ചില വിഷയങ്ങളോട് ബന്ധപ്പെട്ട്, ചില പേരുകളോട് ചേർത്ത് ഇവിടെ ഉപമിച്ചത് കൊണ്ടും സാദൃശ്യപ്പെടുത്തിയതുകൊണ്ടും കൊരിന്തിലെ വിശ്വാസികൾ ആത്മീകർ അല്ലായെന്നോ, അവർ ജഡീകർ മാത്രം ആകുന്നുവെന്നോ ശിശുക്കൾ മാത്രം ആകുന്നവെന്നോ ശേഷം മനുഷ്യരെപ്പോലെ ക്രിസ്തുവിൽ വിശ്വസിക്കാത്ത അവിശ്വാസികൾ ആയിരിക്കുന്നുവെന്നോ അപ്പോസ്തലൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. കാരണം അപ്പോസ്തലൻ അവരെക്കുറിച്ച് - ‘എപ്പോഴും സ്തോത്രം ചെയ്യുന്നു’ എന്നും (1:4), ‘സകല വചനത്തിലും സകല പരിജ്ഞാനത്തിലും സമ്പന്നരായി തീർന്നു’ എന്നും (1:6), ഒരു കൃപാവരത്തിലും കുറവില്ലാത്തവരായി കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത കാത്തിരിക്കുന്നു (1:7) - എന്നുമാണ് സാക്ഷ്യം പറയുന്നത്. എന്നാൽ, ചില വിഷയങ്ങളിൽ അവരുടെ ആത്മീക നിലവാരത്തെ ആത്മീകർ അല്ലാത്തവരോടും ജഡീകന്മാരോടും ക്രിസ്തുവിൽ ശിശുക്കളായവരോടും ശേഷം മനുഷ്യരോടും ഉപമിക്കുകയും സാദൃശ്യപ്പെടുത്തുകയും മാത്രമാണ് അപ്പോസ്തലൻ ഇവിടെ ചെയ്യുന്നത്.

ഇങ്ങനെയുള്ള ധാരാളം ഉപമകൾ നാം വചനത്തിൽ കാണുന്നുണ്ട്. ഉദാഹരണമായി ‘‘എഫ്രയീം ബുദ്ധിയില്ലാത്ത പൊട്ട പ്രാവ് പോലെ ആകുന്നു’’ (ഹോശേയ. 7:11) എന്ന് എഴുതിയിരിക്കുന്നത് കൊണ്ട് എഫ്ര

യീം (യിസ്രായേൽ) ഒരു പൊട്ടപ്രാവാണെന്ന് പ്രവാചകനോ അനുവാചകരോ അർത്ഥമാക്കുന്നില്ല. മറിച്ച് ഒരു സമയത്ത് ചില വിഷയങ്ങളിൽ അവരുടെ ബുദ്ധിശൂന്യതയെ പൊട്ടപ്രാവിന്റെ ബുദ്ധിശൂന്യതയോട് ഉപമിക്കുക മാത്രമാണ് പ്രവാചകൻ ഇവിടെ ചെയ്യുന്നത് (സങ്കീ. 59:6,4; 73:22; 1 പത്രോസ് 2:2).

## 2. രൂപകാലങ്കാരം (Metaphor)

ഉപമയെ പോലെ തന്നെ വിഷയം വിശദീകരിക്കുന്നതിനായി ഭാഷയിൽ ഉപയോഗിക്കുന്ന മറ്റൊരു ശൈലിയാണ് രൂപകാലങ്കാരം. "നിങ്ങൾ ജഡീകന്മാരല്ലോ" (1 കൊരി. 3:2), "നിങ്ങൾ സാധാരണ മനുഷ്യരല്ലയോ" (3:4) എന്നത് രൂപകാലങ്കാരത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. വാക്കുകളുടെ ഈ നിലയിലുള്ള ഉപയോഗം ധാരാളമായി തിരുവെഴുത്തിൽ നാം കാണുന്നുണ്ട്. ഉദാഹരണമായി "ഞാനോ മനുഷ്യനല്ല ഒരു കൃമിയത്രേ" (സങ്കീ. 22:6) എന്ന് ദാവീദ് എഴുതിയിരിക്കുന്നത് കൊണ്ട് ദാവീദ് മനുഷ്യനല്ലായിരുന്നു മറിച്ച് ഒരു കൃമി മാത്രമായിരുന്നു എന്ന് ഗ്രഹണശക്തിയുള്ള ആരും നിരൂപിക്കുന്നില്ല. അതുപോലെ തന്നെ കർത്താവായ യേശു അപ്പം എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് "ഇത് എന്റെ ശരീരം" (മത്തായി 26:26) എന്ന് പറഞ്ഞപ്പോൾ തങ്ങൾക്ക് അപ്പോൾ കർത്താവിൽ നിന്നും ലഭിച്ചത് കർത്താവിന്റെ ജഡശരീരം ആയിരുന്നു എന്ന് കർത്താവോ ശിഷ്യന്മാരോ ഒരിക്കലും അർത്ഥമാക്കിയിട്ടില്ല.

അതുപോലെ കൊരിന്തിലെ വിശ്വാസികൾക്കുള്ള ശാസനയിൽ "നിങ്ങൾ ജഡീകരില്ലയോ" എന്ന് പറഞ്ഞതുകൊണ്ട് മാത്രം അവർ ജഡീകരാകുന്നില്ല, "നിങ്ങൾ സാധാരണ മനുഷ്യരല്ലയോ" എന്ന് പറഞ്ഞതുകൊണ്ടുമാത്രം അവർ സാധാരണ മനുഷ്യർ ആകുന്നുമില്ല. (അവരുടെ സാധാരണ ജീവിതം ജഡീകരുടേതിനും സാധാരണ മനുഷ്യരുടേതിനും തുല്യമാകുന്നില്ല). പ്രത്യുത ചില വിഷയങ്ങളോടുള്ള ബന്ധത്തിൽ ഒരു സമയം അവർ ജഡീകരുടെ / സാധാരണ മനുഷ്യരുടെ നിലവാരത്തിൽ ആത്മീക കാര്യങ്ങളെ വിവേചിക്കുകയും വിലയിരുത്തുകയും പ്രവർത്തിക്കുകയും ചെയ്തതിനാലാണ് അപ്പോസ്തലൻ അവരെ രൂപകാലങ്കാരത്തിലൂടെ ശാസിക്കുന്നത്.

**e. സ്ഥാപിക്കുവാൻ ശ്രമിക്കുന്ന ഉപദേശത്തിന് തിരുവെഴുത്തിലെ <u>ഇതര വേദഭാഗങ്ങളോടുള്ള</u> പൊരുത്തം (Analogy of faith)**

തിരുവെഴുത്തിൽ എവിടെയും ജഡീകനും ആത്മീകനും തമ്മിൽ യാതൊരു പൊരുത്തവും കാണുന്നില്ല, മറിച്ച് വൈരുദ്ധ്യം മാത്രമാണ് എല്ലായിടത്തും കാണുന്നത്.

**1. അർത്ഥത്തിൽ വ്യത്യാസം**

ആത്മീകനും ജഡീകനും തമ്മിൽ അർത്ഥത്തിൽ വലിയ വ്യത്യാസമുണ്ട്. പൗലോസ് കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ 'ആത്മീകൻ' എന്നതുകൊണ്ട് പരിശുദ്ധാത്മാവിൽ നിറഞ്ഞവൻ എന്ന അർത്ഥമല്ല മറിച്ച്, ദൈവത്തിന്റെ ആത്മാവിനെ ലഭിച്ചവൻ അഥവാ ദൈവാത്മാവുള്ളവൻ (1 കൊരി. 2:12-14) എന്ന അർത്ഥമാണ് താൻ ഉദ്ദേശിക്കുന്നത്. വീണ്ടും ജനിച്ച എല്ലാവരും എപ്പോഴും ഒരുപോലെ ആത്മനിറമുള്ളവർ അല്ല, എങ്കിലും ദൈവത്തിന്റെ ആത്മാവ് ഉള്ളവർ എന്ന നിലയിൽ എല്ലാവരും എപ്പോഴും ഒരുപോലെ ആത്മീകരാണ് (അപ്പൊ. 15:8,9). എന്നാൽ 'ജഡീകൻ' അഥവാ 'പ്രാകൃതൻ' എന്നതുകൊണ്ട് 'ആത്മീകൻ' എന്നതിന്റെ നേരെ വിപരീത അർത്ഥമാണ് തിരുവെഴുത്തിൽ ഉടനീളം നാം കാണുന്നത് (യോഹ. 1:12-13; 3:6; 1 കൊരി. 2:14,15; 15:44; ഗലാത്യർ 3:3; 5:17; 6:8).

**2. പിതൃത്വത്തിൽ വ്യത്യാസം**

ആത്മീകനും ജഡീകനും തമ്മിൽ പിതൃത്വത്തിൽ വ്യത്യാസം ഉണ്ട്. ജഡീകൻ - രക്തത്തിൽ നിന്ന്, ജഡത്തിന്റെ ഇഷ്ടത്താൽ, പുരുഷന്റെ ഇഷ്ടത്താൽ ജനിച്ചത് ആകുന്നു (യോഹ.1:13); എന്നാൽ ആത്മീകൻ - ആത്മാവിനാൽ ജനിച്ചത് (യോഹ. 1:13), വചനത്താൽ ജനിച്ചത് (യാക്കോബ് 1:18, 1 പത്രോസ് 1:23), ദൈവത്തിൽ നിന്ന് ജനിച്ചത് (യോഹ. 1:13), ദൈവേഷ്ടത്താൽ ജനിച്ചത് (യാക്കോബ് 1:18) ആകുന്നു.

**3. പ്രകൃതത്തിൽ വ്യത്യാസം**

ജഡീകനും പ്രാകൃതനും പഴയ മനുഷ്യനായ ആദാമ്യ പ്രകൃതത്തിലും (റോമർ 6:6) ജഡത്തിലും (യോഹ. 3:6) രക്തത്തിലും (യോഹ. 1:13) കെട്ടുപോകുന്ന ബീജത്താലും (1 പത്രോസ് 1:23) ജനിച്ചതായിരിക്കുമ്പോൾ, ആത്മീകൻ ദൈവത്തിൽ നിന്നും (യോഹ. 1:13) ദൈവാത്മാവിനാലും (യോഹ. 3:6) ദൈവവചനത്താലും (1 പത്രോസ് 1:23) ദൈവാ

നുരൂപമായി സൃഷ്ടിക്കപ്പെട്ട പുതു മനുഷ്യനാണ് (എഫെ 4:24); അതിൽ വീണ്ടും ജനിച്ച എല്ലാവരും ഉൾപ്പെടുന്നു (കൊലോ. 3:9-11).

### 4. ചിന്താഗതിയിലും സ്വഭാവത്തിലും വ്യത്യാസം

'ജഡത്തിന്റെ ചിന്ത മരണം, ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ' എന്നും, ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു, അത് ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നില്ല, കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല എന്നും കാണുന്നു (റോമർ 8:5,6,7). അതുപോലെ 'ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു' എന്നും (ഗലാത്യർ 5:17). ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു എന്നും (റോമർ 8:5) ദൈവത്തിന്റെ ആത്മാവ് വസിക്കുന്നവർ ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവമുള്ളവരാണ് (റോമർ 8:9) എന്നും കാണുന്നു.

### 5. പ്രവർത്തിയിലും ഫലത്തിലും വ്യത്യാസം

ജഡത്തിന്റെ പ്രവർത്തികൾ: ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്തപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് എന്നിവയാകുന്നു. എന്നാൽ ആത്മാവിന്റെ ഫലം: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം മുതലായവയാണ് (ഗലാത്യർ 5:19-23).

### 6. പ്രതിഫലത്തിൽ വ്യത്യാസം

'ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം, ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും' (റോമർ 8:6,13 c.f. യെഹ. 3:19-21).

### 7. ആത്മീക അവസ്ഥയിൽ വ്യത്യാസം

ജഡത്തെ അനുസരിച്ച് നടക്കുന്നവരും ആത്മാവിനെ അനുസരിച്ച് നടക്കുന്നവരും ഉണ്ട് (റോമർ 8:5). എന്നാൽ വീണ്ടും ജനിച്ചവർക്ക് ജഡത്തെ അനുസരിച്ചുള്ള ജീവിതം പഴയ അവസ്ഥയാണ് (റോമർ 7:5 1 കൊരി. 6:9-11; എഫെ. 2:1-3). മാത്രമല്ല, ആത്മീക അവസ്ഥയുടെ അടിസ്ഥാനത്തിൽ മനുഷ്യരെ രണ്ടുഗണമായി മാത്രം വചനം തരംതിരിച്ചി

രിക്കുന്നു. ഇത്തരം തരംതിരിവ് വീണ്ടും ജനിച്ചവർ തമ്മിലല്ല, മറിച്ച് വീണ്ടും ജനിച്ചവരും വീണ്ടും ജനിക്കാത്തവരും തമ്മിലാണ്; ആത്മീകരും ജഡീകരും തമ്മിലാണ്; വീണ്ടും ജനിച്ചവരിൽ 'ആത്മീകൻ', 'ജഡീകൻ' എന്നിങ്ങനെ രണ്ടുതരം മക്കൾ ദൈവത്തിനില്ല; 'ആത്മീക വിശ്വാസി', 'ജഡീക വിശ്വാസി' എന്നിങ്ങനെ രണ്ടുതരം വിശ്വാസികളും ദൈവത്തിനില്ല. മറിച്ച് ഒരുതരം മാത്രമേയുള്ളൂ, ഇങ്ങനെ ഒരുതരം - '**ഒരുവിധം**' മാത്രമാകേണ്ടതിനാണ് ദൈവം തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്താൽ നമ്മെ തന്നിൽ നിന്നും മാത്രമായി ജനിപ്പിച്ചത് (യാക്കോബ് 1:18; യോഹ. 1:13).

അതുകൊണ്ട് വചന വ്യാഖ്യാനത്തിനായി പൊതുവിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന വ്യാഖ്യാന നിയമങ്ങൾ പാലിച്ചുകൊണ്ട് ഈ വേദഭാഗം പരിശോധിക്കുമ്പോൾ ദൈവത്തിന്റെ ആത്മാവ് ഉള്ളവരെ 'ആത്മീകൻ' 'ജഡീകൻ' എന്നിങ്ങനെ രണ്ടായി തരംതിരിക്കുവാൻ ഈ വേദഭാഗം അനുവദിക്കുന്നില്ല. കാരണം വചനത്തിന്റെ വിശാലത ഉൾക്കൊണ്ടു മാത്രമേ വേദവ്യാഖ്യാതാവിന് ഒരു വേദഭാഗം അടിസ്ഥാനമാക്കി ഒരു ഉപദേശം സ്ഥാപിക്കുവാൻ കഴിയുകയുള്ളൂ. കേവലം ഒരു വാക്കിന്റെയോ ഒരു വാക്യത്തിന്റെയോ ഒരു വാക്യാംശത്തിന്റെയോ അടിസ്ഥാനത്തിൽ ഒരു ഉപദേശം സ്ഥാപിക്കുവാൻ ശ്രമിക്കുന്നവർ ദുരുപദേശത്തിലേക്കുള്ള വാതിലാണ് തുറക്കുന്നത്.

പാപമോചനത്തിനും പാപബന്ധനത്തിനും ഉള്ള അധികാരം പോപ്പിനും, പുരോഹിതന്മാർക്കും ഉണ്ടെന്നുള്ള കത്തോലിക്കാ സഭയുടെ ഉപദേശം യോഹന്നാൻ 20:23 മാത്രം അടിസ്ഥാനമാക്കി ഉണ്ടാക്കിയതാണ്. ആത്മാവിനെ ലഭിക്കാനുള്ള കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ വിശുദ്ധ ഊതൽ യോഹന്നാൻ 20:20 മാത്രം അടിസ്ഥാനമാക്കി ഉണ്ടാക്കിയതാണ്. പട്ടത്ത്വസഭകളിലെ ശിശുസ്നാനം അപ്പോ. 16:14-15 മാത്രം അടിസ്ഥാനമാക്കി ഉണ്ടാക്കിയതാണ്.

വീണ്ടും ജനിച്ചവരിൽ ജഡീകർ, ആത്മീകർ എന്ന് രണ്ട് വിഭാഗം ഉണ്ടെന്ന് ചിലർ സിദ്ധാന്തിക്കുന്നതും ഒരു വാക്യാംശം മാത്രം അടിസ്ഥാനമാക്കിയാണ്.

## III. ഈ സിദ്ധാന്തത്തിന്റെ പ്രത്യാഘാതം

വിശുദ്ധന്മാരുടെ സഭായോഗങ്ങളിൽ ജലസ്നാനത്തിലൂടെ നുഴ ഞ്ഞുകയറിയ, ഭിന്നത ഉണ്ടാക്കുന്നവരും പ്രാകൃതന്മാരും ആത്മാവില്ലാ ത്തവരുമായവരെ (യൂദ 4,19), 'ജഡീകവിശ്വാസികൾ' എന്ന ഓമനപ്പേരി ൽ ചിലർ ആദരിച്ച് അലങ്കരിച്ച് കൂട്ടായ്മയിൽ നിലനിർത്തുന്നത് - കൂടെ നിറുത്തുന്നത്, സഭയിൽ തങ്ങളുടെ ഇഷ്ടം ഇവരിലൂടെ നിറവേറ്റുന്നതി നു വേണ്ടിയാണ്.

ആത്മീകർക്ക് കർത്താവ് വിണ്ണിൽ വാസസ്ഥലം (heaven) ഒരുക്കു മ്പോൾ തങ്ങളുടെ സ്വാർത്ഥ താൽപര്യത്തിനായി ജഡീകർക്ക് മന്നിൽ വാസസ്ഥലം (haven) ഒരുക്കുകയാണ് ജഡീക - ആത്മിക വിശ്വാസിവിഭ ജന സിദ്ധാന്തത്തിന്റെ പ്രചാരകർ ചെയ്യുന്നത്.

വചനാനുസൃതമായ ഒരു ഉപദേശം കീഴ്വഴക്കം ആക്കുന്നതിന് പ കരമായി ഒരു കീഴ്വഴക്കത്തെ ഉപദേശമാക്കുവാനുള്ള ഒരു ശ്രമം ഈ സിദ്ധാന്തത്തിൽ ഒളിഞ്ഞു കിടപ്പുണ്ട്.

മാത്രമല്ല ഈ സിദ്ധാന്തം പരോക്ഷമായി ദുർന്നടപ്പിനെ (licentious ness) സാധൂകരിക്കുകയും (2 പത്രോസ് 2:1-9; യൂദ 8,16); വീണ്ടും ജന നത്തിലൂടെയുള്ള ദൈവീക ഉദ്ദേശത്തെ നിഷ്ഫലം ആക്കുകയും (റോ മർ 8:4; 2 കൊരിന്ത്യർ 5:17; യാക്കോബ് 1:18); കർത്താവിന്റെയും അപ്പോ സ്തലന്മാരുടെയും ഉപദേശത്തിന് വിരുദ്ധമായിരിക്കുകയും ചെയ്യുന്നു (യോഹന്നാൻ 3.6; റോമർ 8:5-8).

അതുകൊണ്ട് ആത്മീക - ജഡീക വിശ്വാസിവിഭജന സിദ്ധാന്തെ ത്ത ഒരു ഉപദേശം ആയിട്ടല്ല, മറിച്ച് വചനവിരുദ്ധമായ ഒരു സിദ്ധാന്തമാ യിട്ടാണ് വീണ്ടും ജനിച്ചവർ കാണേണ്ടത്.

***